## ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നല്ലൂർനാട്




# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

തയ്യാറാക്കിയത് : സ്കൂൾ എസ് ആർ ജി

## ഉള്ളടക്കം


പ്രൊഫൈൽ ഷീറ്റ്....................................................................................................4
ആമുഖം........................................................................................................................6
1. വരവേൽപ്പ്.............................................................................................................9
2. മഞ്ഞുരുക്കൽ..........................................................................................................9
3.ഉണർവ്വ് 2025-26.......................................................................................................9
4. SWEET ENGLISH PROGRAMME..........................................................................10
5. കൈത്താങ്ങ്...........................................................................................................11
6.കളിക്കളം................................................................................................................11
7. വായനക്കൂട്ടം.........................................................................................................11
8.ഗോത്രോത്സവം.......................................................................................................11
9. വർണ്ണോത്സവം.......................................................................................................11
10. ഒരുക്കം 2025-26...................................................................................................12
11. USS പരീക്ഷാ പരിശീലനം....................................................................................12
12. പ്രതിഭകൾക്കൊപ്പം...............................................................................................12
13. ജീവിതം തന്നെ ലഹരി..........................................................................................12
വിഷയം തിരിച്ചുള്ള പ്രവർത്തനങ്ങൾ.........................................................................13
1. മലയാളം...............................................................................................................13
2. ഇംഗ്ലീഷ്................................................................................................................14
3. ഹിന്ദി.....................................................................................................................14
4. സാമൂഹ്യശാസ്ത്രം.................................................................................................15
5. ഭൗതികശാസ്ത്രം....................................................................................................16
6. ജീവശാസ്ത്രം........................................................................................................17
7. ഗണിതം.................................................................................................................18
8. ഇൻഫർമേഷൻ ടെക്നോളജി..................................................................................18
9 . കല & സംഗീതം.....................................................................................................19
10. കായികം...............................................................................................................19
11. ലൈബ്രറി.............................................................................................................20
ഹയർ സെക്കണ്ടറി വിഭാഗം.......................................................................................21

# പ്രൊഫൈൽ ഷീറ്റ്

| | |
|---|---|
| **വിലാസം** | |
| നല്ലൂർനാട്<br>കുന്നമംഗലം പി.ഒ. പിൻ 670643<br>വയനാട് ജില്ല | |
| സ്ഥാപിതം | 1990 |
| **വിവരങ്ങൾ** | |
| ഫോൺ | 04935 293868 |
| ഇമെയിൽ | ammrghsnalloornad@gmail.com |
| **കോഡുകൾ** | |
| സ്കൂൾ കോഡ് | 15062 (HS) , 12003 (HSS) |
| യുഡൈസ് കോഡ് | 32030100115 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| റവന്യൂ ജില്ല | വയനാട് |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| ഉപജില്ല | മാനന്തവാടി |
| **ഭരണസംവിധാനം** | |
| ലോകസഭാമണ്ഡലം | വയനാട് |
| നിയമസഭാമണ്ഡലം | മാനന്തവാടി |
| താലൂക്ക് | മാനന്തവാടി |
| ബ്ലോക്ക് പഞ്ചായത്ത് | മാനന്തവാടി |
| തദ്ദേശസ്വയംഭരണസ്ഥാപനം | പഞ്ചായത്ത്,എടവക |
| വാർഡ് | 15 |
| **സ്കൂൾ ഭരണ വിഭാഗം** | |
| സ്കൂൾ ഭരണ വിഭാഗം | സർക്കാർ |
| സ്കൂൾ വിഭാഗം | ട്രൈബൽ |
| പഠന വിഭാഗങ്ങൾ | യു.പി<br>ഹൈസ്കൂൾ<br>ഹയർസെക്കന്ററി |
| സ്കൂൾ തലം | 5 മുതൽ 12 വരെ |
| മാദ്ധ്യമം | മലയാളം |
| **സ്ഥിതിവിവരക്കണക്ക്** | |
| ആൺകുട്ടികൾ | 418 |
| പെൺകുട്ടികൾ | 0 |
| ആകെ വിദ്യാർത്ഥികൾ | 418 |
| അദ്ധ്യാപകർ | 34 |
| **സ്കൂൾ നേതൃത്വം** | |
| പ്രിൻസിപ്പൽ | സ്വർഗിണി എ |
| പ്രധാന അദ്ധ്യാപകൻ | അബ്ദുള്ള എസ് |
| സീനിയർ സൂപ്രണ്ട് | ശ്രീകല ടി പി |
| പി.ടി.എ. പ്രസിഡണ്ട് | രാജു എം |

## ആമുഖം

അംബേദ്കർ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി പട്ടികവർഗ പട്ടികജാതി മറ്റ് പിന്നാക്കവിഭാഗ സമുദായങ്ങളുടെ സർവ്വതോൻമുഖമായ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനതലത്തിൽ കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതികളിലൊന്നാണ് മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങൾ. പട്ടികവർഗ പട്ടികജാതി മറ്റ് പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലെ വിദ്യർത്ഥികൾക്ക് താമസിച്ച് പഠിക്കാനുള്ള സാമൂഹികമായും സാമ്പത്തികമായും സാംസാകാരികമായും സൗകര്യം നല്കി പൊതുസമൂഹത്തിൻ്റ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് സർക്കാറിൻ്റ ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി കേരളത്തിൽ രണ്ട് ജില്ലകളിലായി ഇതിൻ്റ പൈലറ്റ് പ്രൊജക്റ്റ് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ആവിഷ്കരിച്ചതിൻ്റ ഭാഗമായാണ് വയനാട് ജില്ലയിലെ നല്ലൂർനാട് പട്ടികവർഗവികസന വകുപ്പിൻ്റെ കീഴിൽ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡനിഷ്യൽ സ്കൂൾ 1990 ൽ പ്രവർത്തനമാരംഭിച്ചത് . 1990 നവംബർ 15–ാം തിയതി (1912 കാർത്തിക 24) അന്നത്തെ ബഹു.



പട്ടികവർഗവികസനവകുപ്പ് മന്ത്രിയായ പി.കെ രാഘവൻ അന്നത്തെ എം. പി. ആയിരുന്ന ബഹു. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ അവർകളുടെ അധ്യക്ഷതയിൽ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാനതലത്തിൽ പ്രവേശനപരീക്ഷ നടത്തി വിവിധ ജില്ലകളിൽ നിന്ന് 30 ഓളം വിദ്യാർത്ഥികളുമായി യു പി വിഭാഗം പ്രവർത്തനം ആരംഭിച്ചു. വളരെയധികം ബാലാരിഷ്ടതകളോടെ പ്രവർത്തനം ആരംഭിച്ച വിദ്യാലയത്തിന്റെ വളർച്ചയിൽ അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ ഒ പ്രഭാകരൻ മാസ്റ്ററുടെ പ്രവർത്തനങ്ങൾ നാഴികക്കല്ലായി.

ഈ വിദ്യാലയത്തിൽ നിന്നും 1997 ൽ ആദ്യത്തെ ബാച്ച് പുറത്തിറങ്ങി. 35 വർഷം പൂർത്തിയാക്കിയ ഈ വിദ്യാലയത്തിന് പട്ടികവർഗ വിഭാഗങ്ങളിൽ നിന്നും സമൂഹത്തിൻ്റ വ്യത്യസ്ത മേഖലകളിൽ ഉയർന്ന ഉദ്യോഗങ്ങളിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. തുടക്കത്തിൽ നിരവധി ബാലാരിഷ്ടതകൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഭൗതികസാഹചര്യത്തിൽ താരതമ്യേന മെച്ചപ്പെട്ട നിലയിലാണ് ഈ വിദ്യാലയം. 2025–26 അധ്യയനവർഷത്തിൽ എച്ച് എസ് 202 , എച്ച് എസ് എസ് 200 ആകെ 402 കുട്ടികൾ ഇവിടെ പഠിക്കുന്നു. പഠന–കലാ–കായിക മേഖലകളിൽ മികച്ച നേട്ടങ്ങൾ ദേശീയ–സംസ്ഥാന ജില്ലാതലങ്ങളിൽ കരസ്ഥമാക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. എസ് എസ് എൽ സി പരീക്ഷയിൽ തുടർച്ചയായി 100%

വിജയമെന്ന പ്രത്യേകത  സംസ്ഥാനതലത്തിൽ പട്ടികവർഗവികസനവകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ വെച്ച് എ എം എം ആർ ജി എച്ച് എസ് എസ് നല്ലൂർനാടിന് മാത്രം സ്വന്തം  .  2025 മാർച്ച്  എസ് എസ് എൽ സി പരീക്ഷയിൽ സാബിത് എന്ന വിദ്യാർത്ഥി  മുഴുവൻ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടി വിദ്യാലയത്തിന്റെ അഭിമാനമായി.

പാഠ്യ പാഠ്യേതര വിഷയങ്ങളിലും  വിദ്യാലയം  മുന്നിട്ട് നിൽക്കുന്നു. സംസ്ഥാന യുവജനോത്സവവേദികളിൽ വിദ്യാലയത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാടകം വളരെയധികം ശ്രദ്ധയാകർഷിച്ചിരുന്നു. വിദ്യാലയത്തിലെ മികച്ച ഹോക്കി ടീം  മുൻ വർ ഷങ്ങളിൽ ദേശീയ മത്സരങ്ങളിൽ സ്ഥിരമായി സംസ്ഥാനത്തെ പ്രതിനിധീകരിച്ചിരുന്നു.

ശാസ്ത്രബോധിനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ശാസ്ത്ര പ്രൊജക്ട്ടുകളിൽ മികച്ച പ്രൊജക്ട്ടുകൾ അവതരിപ്പിക്കാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഫുട്ബോൾ,ഖോ–ഖോ എന്നീ കായിക ഇനങ്ങളിലും  വിദ്യാലയം  അതിന്റെ പാദമുദ്ര പതിപ്പിച്ചിട്ടുണ്ട്.


എൽ എ + ആദരവ്



ആരോഗ്യ ബോധവത്കരണം


റീൽ മത്സര പുരസ്കാരം


പരിസ്ഥിതി ദിനാചരണം

# 2025-26 അക്കാദമിക വർഷത്തെ സവിശേഷമായ പ്രവർത്തനങ്ങൾ

## സെക്കണ്ടറി വിഭാഗം

*1. വരവേൽപ്*

മധ്യ വേനലവധിക്ക് ശേഷം എല്ലാ കുട്ടികളെയും തിരികെ സ്‌കൂളിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ. എല്ലാ രക്ഷിതാക്കളെയും അധ്യാപകർ നേരിട്ട് വിളിക്കുക.വരാൻ താല്പര്യക്കുറവുള്ളവരെ പ്രചോദിപ്പിക്കുക .സ്‌കൂളിൽ എത്താത്തവരെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ ജന പ്രതിനിധികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ട്രൈബൽ പ്രൊമോട്ടര്മാരുടെയും ഇടപെടൽ വഴി സ്‌കൂളിൽ എത്തിക്കുക.പ്രവർത്തന കാലം 2025 മെയ് അവസാന വാരം മുതൽ പൂർണ ഹാജർ ഉറപ്പാക്കുന്നത് വരെ

*2. മഞ്ഞുരുക്കൽ*

പുതുതായി പ്രവേശനം നേടി റെസിഡൻഷ്യൽ സമ്പ്രദായത്തിലെത്തുന്ന കുട്ടികളിൽ സ്വാഭാവികമായി ഉണ്ടാവുന്ന പ്രയാസങ്ങൾ പരിഹരിച്ച് ആഹ്ലാദകരമായ സ്‌കൂൾ അന്തരീക്ഷം ഒരുക്കുക. 02/06.2025 മുതൽ രണ്ടാഴ്ചക്കാലം

ചുമതല - എസ് ആർ ജി കൺവീനർ , കായികാധ്യാപകൻ

*3.ഉണർവ്വ് 2025-26*

എഴുത്ത് വായന ചതുഷ് ക്രിയകൾ തുടങ്ങിയ ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കൽ - ദീർഘമായ ഇടവേളക്ക് ശേഷം സ്‌കൂളിൽ തിരികെ എത്തുന്നവരിൽ പ്രസ്തുത ശേഷികൾ ബലപ്പെടുത്തൽ . ജൂൺ രണ്ടാം വാരത്തിൽ നില നിർണ്ണയം നടത്തണം. ചുമതല ക്ലാസ് അധ്യാപകർക്ക്. മലയാളം ഇംഗ്ലീഷ് ഹിന്ദി ഗണിതം എന്നിവ ഉൾപ്പെടുത്തണം.തുടർന്ന് ഓരോ കുട്ടിയുടെയും നിലവാരം ക്ലാസ് അധ്യാപകർ രേഖപ്പെടുത്തി സൂക്ഷിക്കണം. ഇവർക്കുള്ള പരിഹാര ബോധന പ്രവർത്തനങ്ങൾ ജൂൺ

രണ്ടാം വാരം ആരംഭിക്കണം . ചുമതല മലയാളം അധ്യാപകർ & ക്ലാസ് അധ്യാപകർ . പദ്ധതി രണ്ട് മാസം കൊണ്ട് പൂർത്തിയാക്കണം.

## *4. SWEET ENGLISH PROGRAMME*

ഇംഗ്ലീഷ് ഭാഷാ ശേഷികൾ മെച്ചപ്പെടുത്താനും ക്ലാസ് മുറികൾക്ക് അകത്തും പുറത്തും Exposure Enhancement നടത്താനുമുള്ള പ്രവർത്തനങ്ങൾ വർഷം മുഴുവൻ നീണ്ടു നിൽക്കും . ചുവടെ കൊടുത്ത പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

ഇംഗ്ലീഷ് സ്പെഷ്യൽ അസംബ്ലി – എല്ലാ വ്യാഴാഴ്ചയും അസംബ്ലിയിൽ കുട്ടികൾ വിവിധ പരിപാടികൾ ഇം ഗ്ലീഷിൽ അവതരിപ്പിക്കുന്നു.വേണ്ട മുന്നൊരുക്കങ്ങൾ ക്ലാസധ്യാപകർ ചെയ്യണം ഓരോ ആഴ്ചയും ഓരോ ക്ലാസിൻ ചുമതല നൽകണം.

ഓരോ അധ്യാപകരും സന്ദർഭങ്ങൾ സൃഷ്ടിച്ച് കൊണ്ട് കുട്ടികൾക്ക് ഇം ഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകുകയും അവരുമായി കൊച്ചു കൊച്ചു സംഭാഷണങ്ങൾ ഇം ഗ്ലീഷിൽ നടത്തുകയും വേണം

അറിയിപ്പുകൾ നോട്ടീസുകൾ പോസ്റ്ററുകൾ എന്നിവ ഇം ഗ്ലീഷിൽ തയ്യാറാക്കി കുട്ടികൾക്ക് നൽകുകയും അവ നിർമ്മിക്കാനുള്ള പിന്തുണ നൽകുകയും വേണം.

ദിനാചരണങ്ങൾ ,ആഘോഷ വേളകൾ ,അനുശോചന സന്ദർ ഭങ്ങൾ സ്പോർട്സ് ഗെയിംസ് കലാമേളകൾ എന്നീ സന്ദർഭങ്ങളിലെല്ലാം പരമാവധി ഇം ഗ്ലീഷ് ഭാഷ പ്രയോഗിക്കാൻ അവസരമൊരുക്കണം

സ്കൂൾ ലൈബ്രറിയിൽ നിന്ന് പരമാവധി ഇംഗ്ലീഷ് കഥ പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹനം നൽകണം

കഴിയുന്ന സന്ദർഭങ്ങളിലെല്ലാം ആംഗ്യ വിക്ഷേപങ്ങളോടെ രസകരമായി ഇംഗ്ലീഷിൽ കഥ പറഞ്ഞു കൊടുക്കണം

A Word A Day പരിപാടി വഴി പുതിയ പദങ്ങൾ അർത്ഥ സഹിതം പ്രദർശിപ്പിക്കണം.

SSK യുടെ Helping hand പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം വിദ്യാലയത്തിന് ഒന്നാം സ്ഥാനം ലഭിച്ച പദ്ധതി ഈ വർഷവും തുടരണം.

ചുമതല: അതാത് ക്ലാസിലെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകർ ,മറ്റ് അധ്യാപകരുടെ പിന്തുണയും ഉറപ്പാക്കണം.

മറ്റ് എം ആർ എസ്സുകളെ കൂടി ഉൾപ്പെടുത്തി "Spell Bee" മത്സരം നടത്തണം .മുന്നോടിയായി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മത്സരങ്ങൾ നടത്തണം.

***5. കൈത്താങ്ങ്***

നില നിർണ്ണയം  വഴി അടിസ്ഥാന ശേഷികളിൽ പിന്നാക്കമാണെന്ന് തിരിച്ചറിയുന്ന കുട്ടികളിൽ പഠന വൈകല്യങ്ങളുണ്ടോ എന്ന് തിരിച്ചറിയാൻ ബി ആർ സി യിലെ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ സ്ക്രീനിംഗ് നടത്തണം  . തുടർന്ന് അത്തരം  പ്രശ്നങ്ങളുള്ളവർക്ക് പഠന പിന്തുണ ഉറപ്പാക്കണം.

ചുമതല : എച്ച് എം , സീനിയർ അസിസ്റ്റന്റ് ,എസ് ആർ ജി കൺവീനർ

***6.കളിക്കളം***

“One Student One Game” പദ്ധതി വഴി സ്കൂളിലെ എല്ലാ കുട്ടികൾക്കും ഏതെങ്കിലും ഒരു ഗെയിം പരിശീലിക്കാനുള്ള അവസരമൊരുക്കണം. പ്രവർത്തനം  വർഷം  മുഴുവൻ നീണ്ട് നിൽക്കണം  .പരമാവധി ഗെയിമുകളിൽ  സ്കൂൾ ടീം  രൂപീകരിച്ച് പരിശീലനം നൽകണം

ചുമതല : കായികാധ്യാപകൻ

***7. വായനക്കൂട്ടം***

പുസ്തകം  പത്രം  എന്നിവ വായിക്കുന്നതിന് എല്ലാ കുട്ടികളെയും  പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ – ജൂൺ 19 വായനാ ദിനത്തിൽ  തുടക്കം കുറിക്കണം.ഓരോ ടേമിലും ഏറ്റവും  കൂടുതൽ  പുസ്തകങ്ങൾ വായിച്ച് വായനാ കുറിപ്പുകൾ തയ്യാറാക്കിയ കുട്ടികളെ അനുമോദിക്കണം. പൊതു വിജ്ഞാന വേദി രൂപീകരിച്ച് ക്വിസ് മത്സരങ്ങൾ നടത്തണം

ചുമതല : സ്കൂൾ ലൈബ്രേറിയൻ

***8.ഗോത്രോത്സവം***

കുട്ടികളുടെ തനത് പാരമ്പര്യ കലകൾ പരിശീലിക്കുന്നതിനും വേദിയിൽ അവതരിപ്പിക്കുന്നതിനും  അവസരങ്ങൾ ഒരുക്കണം. മാസത്തിലൊരിക്കൽ സ്കൂൾ പ്രവൃത്തി സമയത്തിന് ശേഷം ഇതിനുള്ള പ്രത്യേക പരിശീലനം നടത്തണം

ചുമതല : കലാധ്യാപകൻ

### *9. വർണ്ണോത്സവം*

ചിത്രകാരന്മാരെയും ചിത്ര കലാധ്യാപകരെയും ഉൾപ്പെടുത്തി ,ചിത്ര കലയിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പഠനക്കളരികളും ചിത്ര പ്രദർശനങ്ങളും സംഘടിപ്പിക്കണം. രണ്ടാമത്തെ ടേം അവസാനിക്കുന്നതിന് മുമ്പ് ഈ പ്രവർത്തനം പൂർത്തിയാക്കണം

ചുമതല : കലാധ്യാപകൻ

### *10. ഒരുക്കം 2025-26*

എസ് എസ് എൽ സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച ഗ്രേഡുകൾ ഉറപ്പാക്കണം.പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണയും മികവുള്ള കുട്ടികൾക്ക് Enrichment ഉം വിദ്യാഭ്യാസ വർഷത്തിൽ ഉടനീളം ലഭിക്കണം.ജനുവരി ആദ്യം തന്നെ പഠന ക്യാമ്പുകൾ ആരംഭിക്കണം . എസ് ആർ ജി ചേർന്ന് ഇതിനായി പ്രത്യേക ആസൂത്രണ രേഖ തയ്യാറാക്കണം.

ചുമതല : എസ് ആർ ജി കൺവീനർ

### *11. USS പരീക്ഷാ പരിശീലനം.*

ഏഴാം ക്ലാസിൽ ഒന്നാം ടേമിനു ശേഷം പഠന മികവുള്ള എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി യു എസ് എസ് പരീക്ഷാ പരിശീലനം ആരംഭിക്കണം.പ്രതിവാര പരീക്ഷകൾ ,വിഷയാധിഷ്ഠിത ക്ലാസുകൾ എന്നിവ രാവിലെ 8.30 മുതൽ 9.30 വരെയുള്ള സമയത്ത് നടത്തണം.തുടർന്ന് പരീക്ഷാ വിജ്ഞാപനത്തിൽ നിർദ്ദേശിക്കും വിധം കുട്ടികളെ തിരഞ്ഞെടുത്ത് പരീക്ഷ എഴുതാനുള്ള അവസരമൊരുക്കണം.

ഏകോപന ചുമതല : ഏഴാം ക്ലാസിലെ ക്ലാസ് അധ്യാപിക

### *12. പ്രതിഭകൾക്കൊപ്പം*

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെ കാണാനും അനുഭവങ്ങൾ അറിയാനുമുള്ള അവസരമൊരുക്കണം. സിവിൽ സർവ്വീസ്,യൂണിഫോം ധരിക്കുന്ന സേനകൾ ,സ്പോർട്സ് & ഗെയിംസ് , കൃഷി,ശാസ്ത്രം ,സാമൂഹ്യ പ്രവർത്തനം,കലാ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തികളെ സ്കൂളിലേക്ക് ക്ഷണിച്ച് അനുഭവങ്ങൾ പങ്കിടാൻ അവസരമൊരുക്കണം.

ചുമതല : വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ

### *13. ജീവിതം തന്നെ ലഹരി*

മദ്യം ,മയക്ക മരുന്ന് ,മറ്റ് ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ദുരുപയോഗത്തെക്കുറിച്ച് ബോധവത്കരണം വർഷം മുഴുവൻ നീണ്ടു നിൽക്കണം .പ്രവേശനോത്സവ ദിവസം തന്നെ പ്രവർത്തനം ആരംഭിക്കണം. പൊലീസ്,എക്സൈസ്,സാമൂഹ്യ ക്ഷേമം ,ആരോഗ്യം വകുപ്പുകളുടെ സഹകരണം ഉറപ്പ് വരുത്തണം.

ഏകോപന ചുമതല : കായികാധ്യാപകൻ

## വിഷയം തിരിച്ചുള്ള പ്രവർത്തനങ്ങൾ

### *1. മലയാളം*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/ മോണിറ്ററിംഗ് |
|---|---|---|---|
| 1. എഴുത്തും വായനയും ഉറപ്പിക്കൽ | മുന്നറിവ് പരിശോധന<br>അക്ഷരം ,വാക്ക് ഉറപ്പിക്കൽ<br>വാക്യ നിർമാണം | ജൂൺ – ആഗസ്റ്റ് | മലയാളം അധ്യാപകർ |
| 2.മികച്ച വായനക്കാരനാക്കുക | പത്ര വായന<br>പാഠഭാഗം വായന<br>ലൈബ്രറി<br>പുസ്തകാസ്വാദനക്കുറിപ്പ് | സെപ്റ്റംബർ – ജനുവരി | മലയാളം അധ്യാപകർ |
| 3. സൃഷ്ടിപരമായ എഴുത്ത് | ക്ലാസ് കയ്യെഴുത്തു മാസിക<br>സംഘ രചന<br>കഥാ രചന,കവിതാ രചന | സെപ്റ്റംബർ – ജനുവരി | മലയാളം അധ്യാപകർ |
| 4. സംസാര കല വികസിപ്പിക്കൽ | സ്കൂൾ അസംബ്ലിയിലെ മുഴുവൻ കുട്ടികളുടെയും അവതരണ പങ്കാളിത്തം<br>സർഗ്ഗവേദി<br>പുസ്തക പരിചയം<br>ഫോട്ടോ ഗാലറി–ജീവ ചരിത്രക്കുറിപ്പ് അവതരണം | സെപ്റ്റംബർ – ജനുവരി | മലയാളം അധ്യാപകർ |

## 2. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/ മോണിറ്ററിംഗ് |
|---|---|---|---|
| 1.Listing out students who struggle to read & write (all classes) | Through a diagnostic test | JUNE 1– 20 | English Teachers |
| 2.Special coaching for the struggling learners | Grouping Collaborative learning | Twice in a week | English Teachers |
| 3.All students' empowerment for fluent reading and writing | Speaking to students in English<br>English Assembly<br>Newspaper reading<br><br>Sweet English Programme | Throughout the year<br><br><br><br>Every day | English Teachers<br><br>Class teachers<br><br>English Teachers |
| 4.Library Activity for Extended Reading | Arranging small story books from library<br>Reading in leisure time | Every day | English Teachers |
| 5. Grammar & Vocabulary Enrichment | A Day A Word | Every day | English Teachers |
| 6. Digital Content Making | Preparing English Podcasts | Monthly | English Teachers |

## 3. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/ മോണിറ്ററിംഗ് |
|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ അനായാസമായി എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പിക്കൽ | ലൈബ്രറിയിലെ ഹിന്ദിയിലുള്ള ചെറു പുസ്തക വായന<br>വായന കാർഡ് നിർമ്മാണം | മുഴുവൻ വർഷം | ഹിന്ദി അധ്യാപിക |
| 2.ഹിന്ദിയുമായി ബന്ധപ്പെട്ട | ഹിന്ദി ക്ലബ്ബ് സജീവമാക്കുക ഹിന്ദി | യഥാ സമയം | ഹിന്ദി അധ്യാപിക |

| | | | |
|---|---|---|---|
| പ്രധാന ദിനാചരനങ്ങൾ | പ്രസംഗം,കവിതാലാപനം,രചനാ മത്സരങ്ങൾ നടത്തുക | | |
| 3. ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതൽ | ആഴ്ചയിലൊരിക്കലുള്ള ഹിന്ദി പ്രശ്നോത്തരി ചുമർ പത്രിക | മുഴുവൻ വർഷം | ഹിന്ദി അധ്യാപിക |
| 4. യുപി ക്ലാസുകളിൽ അക്ഷര ബോധം ഉറപ്പിക്കൽ | ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്,അക്ഷര രചന വീഡിയോ പ്രദർശനം | മുഴുവൻ വർഷം | ഹിന്ദി അധ്യാപിക |
| 5. യുപി ഹിന്ദി വായന | പുസ്തക വായന,ഹിന്ദി ചിത്ര കഥകൾ വായിച്ചു കേൾപ്പിക്കൽ | മുഴുവൻ വർഷം | ഹിന്ദി അധ്യാപിക |
| 6.യു പി ഹിന്ദി സംസാര ശേഷി വർദ്ധിപ്പിക്കൽ | ദൈനം ദിന ക്ലാസ് മുറിയിലെ ഹിന്ദി സംസാര പരിശീലനം | മുഴുവൻ വർഷം | ഹിന്ദി അധ്യാപിക |

## *4. സാമൂഹ്യശാസ്ത്രം*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1.പഠിതാക്കളെ ചരിത്രാവബോധമുള്ള വരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും : ഫീൽഡ് ട്രിപ്പുകൾ വയൽകിളികൾ: പഠന യാത്ര | നിശ്ചിത തിയ്യതികളിൽ വർ ഷം മുഴുവനായും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 2.ജനാധിപത്യം ,പൗ രബോധം ,മൂല്യ ബോധം ഉറപ്പിക്കൽ | ഒന്നായ് നമ്മൾ : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് | നിശ്ചിത തിയ്യതികളിൽ വർഷം മുഴുവനായും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 3. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക | സ്റ്റാർട്ടപ്പ് : ലാബുകളുടെ ക്രമീകരണം വാന നിരീക്ഷണ പ്രവർത്തനങ്ങൾ | നിശ്ചിത തിയ്യതികളിൽ വർഷം മുഴുവനായും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 4. മതേതരത്വം , സഹിഷ്ണുത വളർത്തൽ ,സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടൽ | ചരിത്ര ഭൂമിയിലൂടെ : സർവ്വേ , പ്രൊജക്റ്റ് ,ചർച്ച കൾ ,സംവാദങ്ങ ൾ,അഭിമുഖങ്ങൾ | നിശ്ചിത തിയ്യതികളിൽ വർഷം മുഴുവനായും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| 5.ഭൂപട വായന,സ്ഥല നിർണ്ണയം പരിചയപ്പെടൽ | പട്ടു പാതയിലൂടെ : അറ്റ്ലസ് ,മാപ്പ്, ഗ്ലോബ് പ്രവർത്തനങ്ങൾ | നിശ്ചിത തിയ്യതികളിൽ വർഷം മുഴുവനായും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 6. പൊതു വിജ്ഞാനം വളർത്തുക ,മത്സര ശേഷി ഉയർത്തുക | ക്വിസുകൾ ,ദിനാ ചരണങ്ങൾ , വീഡിയോ ,ചരി ത്ര സിനിമകൾ | നിശ്ചിത തിയ്യതികളിൽ വർഷം മുഴുവനായും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

## *5. ഭൗതികശാസ്ത്രം*

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല/മോണിറ്ററിംഗ്** |
|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചിയും നിരീക്ഷണ പാടവവും വളർത്തിയെടുക്കൽ | പാഠ ഭാഗത്തെ ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കുകയും കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുന്നു. | മുഴുവൻ വർഷം | ഭൗതികശാസ്ത്ര അധ്യാപകർ |
| ദിനാചാരണങ്ങൾ , ശാസ്ത്ര മേഖലയിലെ നൂതനമായ അറിവുകൾ പങ്ക് വെക്കൽ | അസംബ്ലികൾ ,വീഡിയോ പ്രദർശനം ,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ ,ശാസ്ത്ര മാസികകൾ (യുറീക്ക,ശാസ്ത്ര കേരളം എന്നിവ ഉപയോഗപ്പെടുത്തുന്നു ) | യഥാ സമയങ്ങളിൽ | ഭൗതികശാസ്ത്ര അധ്യാപകർ |
| 3. ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ് ,കെമിസ്ട്രി എന്നിവയുമായി ബന്ധപ്പെട്ട് ഉപകരണങ്ങളും മറ്റ് സാമഗ്രികളും സജ്ജീകരിക്കൽ | അക്കാദമിക വർഷമാദ്യം തന്നെ | ഭൗതികശാസ്ത്ര അധ്യാപകർ |
| 4.യു പി ലഘു പ്രൊജക്റ്റ് പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കൽ | ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്ന പ്രവർത്തനം സ്കൂൾ പരിസരത്തെ ശലഭ നിരീക്ഷണം | ജനുവരി – ഫെബ്രുവരി | ഭൗതികശാസ്ത്ര അധ്യാപകർ |
| 5.ശാസ്ത്ര മേളകളിലെ പങ്കാളിത്തം | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്കുള്ള പിന്തുണ,പരിശീലനം | യഥാ സമയങ്ങളിൽ | ഭൗതികശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| 6. ഫീൽഡ് ട്രിപ്പ് | പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തരത്തിൽ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | ഒരു ടേമിൽ ഒന്നു വീതം | ഭൗതികശാസ്ത്ര അധ്യാപകർ |

## *6. ജീവശാസ്ത്രം*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ | പാഠ ഭാഗത്തെ പരീക്ഷണങ്ങൾ അവതരിപ്പിക്കുകയും കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുന്നു. | മുഴുവൻ വർഷം | പരിസ്ഥിതി ക്ലബ്ബ് |
| 2. ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്കുള്ള പിന്തുണ,പരിശീലനം | ജൂലൈ – ഒക്ടോബർ | ജീവശാസ്ത്ര അധ്യാപകർ |
| 3. ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | കുട്ടികളുടെ പങ്കാളിത്തത്തോടെ ജൈവ വൈവിധ്യ പാർക്ക് വിപുലീകരിക്കുന്നു. | ആഴ്ചയിൽ ഒരു തവണ | പരിസ്ഥിതി ക്ലബ്ബ് ശാസ്ത്ര അധ്യാപകർ |
| 4. സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലീകരിക്കൽ | കുട്ടികളുടെ പങ്കാളിത്തത്തോടെ ഔഷധത്തോട്ടം വിപുലീകരിക്കുന്നു. | മാസം തോറും | പരിസ്ഥിതി ക്ലബ്ബ് ശാസ്ത്ര അധ്യാപകർ |
| 5. സയൻസ് ബുള്ളറ്റിൻ | ശാസ്ത്ര സംബന്ധിയായ അറിവുകൾ ,ലേഖനങ്ങൾ ,കവിതകൾ തുടങ്ങിയവയുടെ പ്രദർശനം | എല്ലാ ദിവസവും | ശാസ്ത്ര അധ്യാപകർ പരിസ്ഥിതി ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് |
| 6. ദിനാചരണങ്ങൾ ശാസ്ത്ര മേഖലയിലെ നൂതന അറിവുകൾ പങ്ക് വെക്കൽ | വീഡിയോ പ്രദർശനം ,സ്പെഷ്യൽ അസംബ്ലികൾ , യുറീക്ക ,ശാസ്ത്ര കേരളം മാസികകളുടെ ഉപയോഗം | യഥാ സമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ പരിസ്ഥിതി ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് |

## *7. ഗണിതം*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1. ഗണിത പഠനം ലളിതവും എളുപ്പവുമാക്കൽ പ്രശ്നപരിഹാര കഴിവുകൾ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയും ഗണിത ലാബ് സജ്ജീകരിച്ചും ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു | വർഷം മുഴുവൻ | ഗണിത അധ്യാപകർ |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ചുള്ള ക്ലാസുകൾ, പിയർ ഗ്രൂപ്പുകളുടെ ഉപയോഗം | വർഷം മുഴുവൻ | |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് നടത്തുന്നു. | യഥാ സമയങ്ങളിൽ | |
| 4.ഗണിത കേളി ഫൺ മാത്സ് | ചാർട്ട് നിർമ്മാണം മോഡൽ നിർമ്മാണം ഗണിത പൂക്കളം | യഥാ സമയങ്ങളിൽ | |

## *8. ഇൻഫർമേഷൻ ടെക്നോളജി*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1. ടൈപ്പിംഗ് സ്കിൽ | മലയാളം ടൈപ്പിംഗ് പരിശീലനം | മുഴുവൻ വർഷം | IT അധ്യാപകർ എസ് ഐ ടി സി |
| 2. ഡിജിറ്റൽ സാക്ഷരത | സാമൂഹ്യ മാധ്യമ പ്ലാറ്റ് ഫോമുകൾ പരിചയപ്പെടൽ ഫേക്ക് ന്യൂസ് ഐഡന്റിഫിക്കേഷൻ | മുഴുവൻ വർഷം | IT അധ്യാപകർ എസ് ഐ ടി സി |
| 3. ഗ്രാഫിക് ഡിസൈൻ പരിശീലനം | ജിംമ്പ് , ഇങ്ക്സ്കേപ് , ക്രിറ്റ തുടങ്ങിയ സോഫ്റ്റ് വെയറുകളിൽ അധിക പരിശീലനം | മുഴുവൻ വർഷം | IT അധ്യാപകർ എസ് ഐ ടി സി |
| 4. AI & ഫ്യൂച്ചർ ടെക് പരിചയം | Chat GPT ,ജെമിനി, ഡീപ് സീക്ക് തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രോജക്ട്കൾ | യഥാ സമയങ്ങളിൽ | IT അധ്യാപകർ എസ് ഐ ടി സി |

## *9 . കല & സംഗീതം*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1. കലയിലൂടെ ആരോഗ്യം | സുംബ നൃത്തം ,മറ്റ് ലഘു വ്യായാമ നൃത്തങ്ങളിൽ പരിശീലനം നൽകുന്നു. | മുഴുവൻ വർഷം | കലാ അധ്യാപകൻ വിഷയാധ്യാപകർ |
| 2. 1. ഡ്രോയിംഗ്/പെയിന്റിംഗ് കഴിവുകൾ വികസിപ്പിക്കൽ– | തീം ബേസ്ഡ് ഡ്രോയിംഗ് പ്രകൃതി ചിത്രീകരണ മത്സരം | ആഴ്ചയിൽ തോറും<br><br>പ്രതിമാസം | കലാ അധ്യാപകൻ വിഷയാധ്യാപകർ |
| 3.പാരമ്പര്യ കലകൾ പരിചയപ്പെടുത്തൽ | വീഡിയോ / ലൈവ് പ്രദർശനങ്ങൾ പ്രാദേശിക കലാകാരന്മാരുമായി സംവാദം | യഥാ സമയങ്ങളിൽ | കലാ അധ്യാപകൻ വിഷയാധ്യാപകർ |
| 4.ഫോട്ടോഗ്രാഫി /ഡിജിറ്റൽ ആർട്ട് | മൊബൈൽ / ക്യാമറ ഉപയോഗിച്ചുള്ള ചിത്രീകരണ മത്സരങ്ങൾ | യഥാ സമയങ്ങളിൽ | കലാ അധ്യാപകൻ വിഷയാധ്യാപകർ |
| 5.ശാസ്ത്രീയ സംഗീത പരിചയം | കർണാടക/ഹിന്ദുസ്ഥാനി സംഗീത ക്ലാസുകൾ സ്വരാലാപന മത്സരങ്ങൾ | മുഴുവൻ വർഷം | സംഗീതാധ്യാപകൻ |
| 6.നാടൻ പാട്ടുകൾ ,റാപ്പർ സംഗീതം | ഓണപ്പാട്ട് മത്സരങ്ങൾ ,റാപ്പർ സംഗീതം പരിചയപ്പെടുത്തൽ | യഥാ സമയങ്ങളിൽ | സംഗീതാധ്യാപകൻ |

## *10. കായികം*

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1.**പൊതുവായ ഫിസിക്കൽ ഫിറ്റ്നസ്** | യോഗ/ ലഘു വ്യായാമങ്ങൾ ഫിറ്റ്നസ് ചലഞ്ചുകൾ | മുഴുവൻ വർഷം | കായികാധ്യാപകർ |
| 2.**ടീം സ്പോർട്സ് (ഫുട്ബോൾ, ഹോക്കി,ഖോ–ഖോ ) പ്രതിഭകളെ കണ്ടെത്തൽ** | ആഴ്ചയിൽ 2 തവണ പരിശീലനം ഇന്റർ–ക്ലാസ് ടൂർണമെന്റുകൾ ഐഡന്റിഫിക്കേഷൻ | മുഴുവൻ വർഷം | കായികാധ്യാപകർ |
| 3. വ്യക്തി ഗത ഇനങ്ങളിലെ പരിശീലനം | അത് ലറ്റിക്സ് , ബാഡ്മിന്റൺ തുടങ്ങിയവയിലെ പരിശീലനം | മുഴുവൻ വർഷം | കായികാധ്യാപകർ |
| 4. കായിക | ഓപ്പൺ ജിം | മുഴുവൻ വർഷം | കായികാധ്യാപകർ |

| | | | |
|---|---|---|---|
| ക്ഷമത വർദ്ധിപ്പിക്കൽ | ഉപയോഗിച്ചുള്ള തീവ്ര പരിശീലനം ഒരുക്കുന്നു. | | |

## 11. ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല/മോണിറ്ററിംഗ് |
|---|---|---|---|
| 1.അനുസ്മരണങ്ങൾ<br>ബഷീർ<br>ഒ എൻ വി<br>വയലാർ<br>എം ടി<br>ജയചന്ദ്രൻ | സിനിമാ പ്രദർശനം,പോസ്റ്റർ രചന,പുസ്തക പ്രദർശനം ,കവിതാലാപനം ,ഗാനാലാപനം , പുസ്തക ചർച്ച | യഥാ സമയങ്ങളിൽ | സ്കൂൾ ലൈബ്രേറിയൻ |
| 2. മാഗസിൻ | വായനാ കുറിപ്പുകൾ,സർഗ്ഗാത്മക രചനകൾ , ചിത്രങ്ങൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുന്നു. | നവമ്പർ – ഡിസം ബർ | സ്കൂൾ ലൈബ്രേറിയൻ |
| 3. സിനിമാ സംസ്കാരം രൂപപ്പെടുത്തൽ | ഭാഷാ സിനിമകൾ പ്രദർശനം ,ചർച്ച, ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | മാസത്തിൽ രണ്ട് ശനിയാഴ്ച്ചകളിൽ | സ്കൂൾ ലൈബ്രേറിയൻ |
| 4. ഡിജിറ്റൽ വായനാ സംസ്കാരം രൂപപ്പെടുത്തൽ | ആമസോൺ കിൻഡിൽ ,കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള വായന | ജൂലൈ – ജനുവരി | സ്കൂൾ ലൈബ്രേറിയൻ |
| 5. ചെസ് പരിശീലനം | പരിശീലനം മത്സരങ്ങൾ | നവമ്പർ | സ്കൂൾ ലൈബ്രേറിയൻ |

# 2025–26 അക്കാദമിക വർഷത്തെ

# സവിശേഷമായ പ്രവർത്തനങ്ങൾ

***ഹയർ സെക്കണ്ടറി വിഭാഗം***

**ആമുഖം**

സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന റസിഡൻഷ്യൽ സ്കൂൾ എന്ന നിലയിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സാമൂഹികവും സാംസ്കാരികവും വൈജ്ഞാനികകവുമായ പശ്ചാത്തലം മറ്റു പൊതു വിദ്യാലയങ്ങളിലേതിൽ നിന്ന് വ്യത്യസ്തമാണ്., വ്യത്യാസം പരിഗണിച്ചുകൊണ്ടുള്ള പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പൊതു വിദ്യാഭ്യാസ വകുപ്പിൻ്റെ നിർദ്ദേശ പ്രകാരമുള്ള, പാഠ്യേതരവും പാഠ്യാനുബന്ധ വുമായ (cocurricular and extra cocurricular പതിവ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ സ്കൂൾ പ്രവർത്തന കലണ്ടറിൻ്റെ ഭഗമായിരിക്കും. ഇവയ്ക്ക് പുറമെയുള്ള വേറിട്ടതും സവിശേഷവുമായ പ്രവർത്തനങ്ങൾ മാത്രമാണ് ആസൂത്രണ ദീപ്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**1. തുടക്കം**

മധ്യവേനലവധിക്ക ശേഷം സ്കൂൾ തുറക്കുമ്പോൾ ആദ്യ പ്രവൃത്തി ദിവസത്തിൽ കുട്ടികളേയും സ്ക്കൂളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് തുടക്കം എല്ലാ രക്ഷിതാക്കളെയും കുട്ടികളേയും ക്ലാസ് അധ്യാപകർ ഫോണിൽ വിളിച്ച് സംസാരിക്കും. ഈ ലക്ഷ്യം ഉറപ്പാക്കാൻ TEO മാരുടേയും ട്രൈബൽ പ്രമോട്ടർമാരുടേയും സഹായം തേടും (പ്രവർത്തനകാലം 2025 മെയ് 27 മുതൽ 30 വരെ, പ്രവേശനോത്സവം 2015 ജൂൺ 1) എന്നെ എല്ലാ ക

**2. വരവേൽപ്പ്**

11–ാം ക്ലാസിൽ പ്രവേശനം നേടി ആദ്യമായി സ്കൂളിലെത്തിയ കുട്ടികൾക്ക വിദ്യാലയത്തോട് ഇഷ്ടം തോന്നുന്നതിനും ആഹ്ലാദകരമായ അന്തരീക്ഷം ഒരുക്കുന്നതിനും വരവേൽപ്പ് പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനായി പ്രത്യേക മൊഡ്യൂൾ SRG ചേർന്ന് തയ്യാറാക്കുകയും ആവശ്യമെങ്കിൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യും. (18–06–2025 മുതൽ 21–06–2025 വരെ ചുമതല SRG കൺവീനർ ക്ലാസ് അധ്യാപകർ.)

**3. ഉണർവ്വ് 2025–26**

വിദ്യാലയത്തിലെ എല്ലാ കുട്ടികളും മലയാളം നന്നായി വായിക്കാനും എഴുതാനുമുള്ള ശേഷികൾ നേടുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഉണർവ്വ് ഇത് മുൻ വർഷത്തെ പ്രവർത്തനങ്ങളുടെ തുടർച്ചയായിരിക്കും വായനയിലും എഴുത്തിലും ഉണ്ടായ രണ്ടുമാസത്തെ ഇടവേള കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ട്. ഇത് പരിഹരിക്കണം. പുതുതായി സ്ക്കൂളിലെത്തിയ കുട്ടികൾ ഉൾപ്പെടെ എല്ലാ കുട്ടികൾക്കും പാഠങ്ങൾ വായിച്ച് മനസ്സിലാക്കാനും എഴുതാനും കഴിയേണ്ടതുണ്ട്. ഇതിനായി ഈ വർഷവും എല്ലാകുട്ടികളേയും നിലനിർണ്ണയത്തിന് (Diagnostic test)വിധേയമാക്കുകയും വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തുകയും ചെയ്യും, ഇതിന്റെ അടിസ്ഥാനത്തിൽ AI എന്ന പേരിൽ ഒരു ക്ലാസ്മുറി സജ്ജീകരിച്ച് പ്രത്യേക പരിശീലനം നൽകും. അധ്യാപകർക്ക് പുറമെ MCRT, ലൈബ്രേറിയൻ, വിരമിച്ച അധ്യാപകർ, അക്കാദമിക വിദഗ്ദർ തുടങ്ങിയവരുടെ സേവനം ലഭ്യമാക്കും ഇതിനായി പട്ടികവർഗവികസന വകുപ്പിൻ്റെ സഹായത്തോടെ പ്രത്യേകം പുസ്തകങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കും. ഒരു മാസക്കാലം കൊണ്ട് പ്രവർത്തനം പൂർത്തിയാക്കി കുട്ടികളെ അതത് ക്ലാസ് മുറിക്കുള്ളിലേക്ക് തിരികെ അയക്കുകയും അവിടെ പ്രവർത്തനങ്ങൾ തുടരുകയും ചെയ്യും മലയാളത്തിൽ പ്രസ്തുത ശേഷികൾ നേടിയ കുട്ടികൾക്ക് ഇംഗ്ലീഷിനും ഇതേ പ്രവർത്തനം തുടരുന്നു. (ചുമതല മലയാളം അധ്യാപകർ )

## 4. പഠിക്കാൻ പഠിക്കുക

ചിട്ടയായതും ശാസ്ത്രീയവുമായ പഠനശീലങ്ങൾ (Study skills) നേടാത്തതാണ് മിക്ക കുട്ടികളും പഠന മികവ് കൈവരിക്കാത്തതിന് പ്രധാന കാരണം. അലക്ഷ്യമായി ഉരുവിടലും അർത്ഥമറിയാതെ നോക്കിപ്പകർത്തലുമാണ്. പലരുടെയും സ്വയം പഠനം. അതുകൊണ്ട് തന്നെ അധ്യാപകരും വിദ്യാർത്ഥികളും ചെലവഴിക്കുന്ന സമയത്തിനനുസരിച്ചുള്ള പഠന നേട്ടം കൈവരിക്കുന്നില്ല. ഇത് കുട്ടികളിൽ നിരാശയും ആത്മവിശ്വാസക്കുറവും സൃഷ്ടിക്കുന്നു. കുട്ടികളെ പ്രചോദിപ്പിക്കുകയും, ചിട്ടയായ ദിനചര്യ. ശാസ്ത്രീയമായ സ്വയം പഠനരീതികൾ എന്നിവ സ്വായത്തമാക്കാൻ പ്രായോഗിക പരിശീലനം നൽകുകയുമാണ് ഈ പ്രവർത്തനത്തിൻ്റെ ലക്ഷ്യം. ആശയ Momo, SQ3R (Survey, Question Read Recite, Review ), Note making, സ്വയം തയ്യാറാക്കിയ നോട്ടുകൾ ഉപയോഗിച്ചുള്ള പഠനം, ഓർമ്മ നിലനിർത്താനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയവയിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകണം വിവിധ വിഷയങ്ങളുടെ സ്വഭാവത്തിനനുസരിച്ച് പഠനത്തിനുള്ള വ്യത്യസ്ഥരീതികൾ, പഠനത്തെ തടസപ്പെടുത്തുന്ന സാഹചര്യങ്ങൾ എന്നിവയെ കുറിച്ച് കുട്ടികൾക്ക് അവബോധമുണ്ടാവണം. അധ്യാപകർ ഒരു പാഠഭാഗം പഠിപ്പിക്കുകയും തുടർന്ന് അത് ശരിയായി മനസ്സിലാക്കി ഓർക്കുകയും പ്രായോഗിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് തത്സമയം

പരിശീലിപ്പിക്കുകയും വേണം. വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ അവഗാഹമുള്ള പരിശീലകരുടെ സേവനം ഈ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. (തിയ്യതി 23-6-2025, 24-6-2025 ചുമതല സീനിയർ അസിസ്റ്റൻ്റ്, SRG കൺവീനർ)

## 5. SKILLFUL ENGLISH

വിദേശ ഭാഷ എന്ന നിലയിൽ കുട്ടികൾക്ക് പഠനത്തിൽ ഏറെ പ്രയാസം നേരിടുന്ന വിഷയമാണ് ഇംഗ്ലീഷ് +1 പ്രവേശനം നേടുന്ന മിക്ക കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വയ്ക്കാനും പ്രയാസം നേരിടുന്നുണ്ട്. +1, +2 ക്ലാസ്സിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ ശേഷികൾ പ്രായത്തിനനുസരിച്ച് മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് skillful English. പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്ത പ്രവർത്തങ്ങൾ നടത്തുന്നതാണ്.

1. കുട്ടികളുടെ നില നിർണ്ണയം – Diagnostic test കൾ വഴി വായന എഴുത്ത് എന്നിവ പരിശോധിക്കൽ (ജൂൺ മൂന്നാം വാരം )

2. പ്രത്യേക ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെൻ്റ ക്ലാസുകൾ – ആഴ്ചയിൽ മൂന്നു ദിവസം എന്ന രീതിയിൽ നവംബർ 30 വരെ വൈകുന്നേരം 4:30 മുതൽ 5:30 വരെ ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെൻ്റ് ക്ലാസുകൾ നൽകുന്നു. ഡയഗണോസ്റ്റിക് ടെസ്റ്റ് പ്രകാരം കുറഞ്ഞ നിലവാരമുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

3. പഠന സാമഗ്രികൾ ശേഖരിക്കൽ – ഇംഗ്ലീഷ് വായന, എഴുത്ത് പരിശീലിപ്പിക്കാനാ വശ്യമായ പുസ്തകങ്ങൾ കാർഡുകൾ തുടങ്ങിയവ ശേഖരിക്കൽ

4. Exposure Enhancement Activities – എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് അസംബ്ലി

5. ഭാഷേതര വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർ അവരവരുടെ ക്ലാസുകൾ എടുക്കു ന്നതിനോടൊപ്പം കുട്ടികൾക്ക് ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകൽ (അധ്യാപകർക്ക് പ്രത്യേക handout നൽകും.

6. ഇംഗ്ലീഷിൽ അറിയിപ്പുകൾ നോട്ടീസുകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കൽ തുടങ്ങിയവ.

7. KITE വികസിപ്പിച്ച E CUBE software (Langua Lab) ഉപയോഗപ്പെടുത്തുക.

8. Vocabulary Development നുള്ള പ്രവർത്തനങ്ങൾ നൽകുക.

9.Basic English Grammar പ്രവർത്തനങ്ങളിലൂടെ അവസരമൊരുക്കുക( ചുമതല ഇംഗ്ലീഷ് അധ്യാപകർ), ആര്ജ്ജിക്കാൻ അവസരമൊരുക്കുക. (ചുമതല : ഇംഗ്ലീഷ് അധ്യാപകർ)

6. LINGUA FIESTA (Festival of English) കഴിഞ്ഞ വർഷം സംഘടിപ്പിച്ച മാതൃകയിൽ Festival of English ഈ വർഷവും സംഘടിപ്പിക്കും സംസ്ഥാന തലത്തിൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായി പ്രവർത്തന പരിചയമുള്ള വിദഗ്ദ അധ്യാപകർ നേതൃത്വം നൽകും . (ജൂലായ് മാസത്തിൽ RP മാരുടെ ലഭ്യതയ്ക്ക് അനുസരിച്ച് (ചുമതല : സീനിയർ അസിസ്റ്റന്റ്)

## 7. തെറ്റില്ലാത്ത മലയാളം

നന്നായി എഴുത്തും വായനയും അറിയുന്ന കുട്ടികൾ പോലും മലയാളം എഴുതുമ്പോൾ ധാരാളമായി അക്ഷരത്തെറ്റുകളും വ്യാകരണത്തെറ്റുകളും വരുത്തുന്നത് പതിവാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മുൻ വർഷത്തെ മാതൃകയിൽ തെറ്റില്ലാത്ത മലയാളം ശില്പ്പശാലകൾ നടത്തും. വിദഗ്ദരായ അധ്യാപകരുടെ സേവനവും പ്രത്യേക മൊഡ്യൂളുകളും ഇതിനായി ലഭ്യമാക്കും (പ്രവർത്തനകാലം –ആഗസ്റ്റ് മാസം ചുമതല : മലയാളം അധ്യാപകർ)

## 8.കൈത്താങ്ങ്

203 പിന്നോക്കാവസ്ഥ നേരിടുന്ന  കുട്ടികൾക്ക് പഠന വൈകല്യം(Learning Disability), ബുദ്ധിപരമായ പ്രശ്നങ്ങൾ(Border line intelligence) എന്നിവയുണ്ടാകാൻ സാധ്യതയുണ്ട്. ഇത് നേരത്തെ വിദഗ്ദ പരിശോധനയിലൂടെ കണ്ടെത്തുകയും ശാസ്ത്രീയമായ പഠന പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് കൈത്താങ്ങ്. SSK യുടെ BRC യിലെ റിസോഴ്സ് അധ്യാപകരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തും (ചുമതല SRG കൺവീനർ, പ്രവർത്തന സമയം ജൂൺ മൂന്നാം വാരം)

## 9. കളിക്കളം

പത്തുമുതൽ പതിനേഴ് വരെ പ്രായമുള്ള ആൺകുട്ടികൾ പഠിക്കുന്ന റസിഡൻഷ്യൽ സ്ക്കൂൾ എന്ന നിലയിൽ സ്പോർട്സ്, ഗെയിംസ് എന്നിവ വിദ്യലയ സംബന്ധിച്ച് അതീവ പ്രാധാന്യമുള്ളതാണ്. സംസ്ഥാന ദേശീയ തലങ്ങളിൽ ഗെയിംസിൽ നമ്മുടെ കുട്ടികൾ മികവ് തെളിയിച്ചിട്ടുണ്ട്, കുട്ടികൾ ഏറ്റവും ഇഷ്ടത്തോടെയും താല്പര്യത്തോടെയും ഇടപെടുന്ന മേഖലയും സ്പോർട്സും ഗെയിംസും തന്നെ. ഉപജില്ലാ, ജില്ല, സംസ്ഥാന കായിക മേളകളിൽ കുട്ടികൾക്ക് വിജയം നേടു ന്നതിനായി ജൂൺ മാസം തന്നെ മത്സരഇനങ്ങളിൽ സെലക്ഷൻ നടത്തി ചിട്ടയായ പരിശീലനം ആരംഭിക്കണം. ഹോക്കി, ഫുട്ബോൾ, നെറ്റ്ബോൾ, ഖൊ ഖാ,കബഡി, തുടങ്ങിയവയിൽ മികവ് തെളിയിച്ച് ധാരാളം കുട്ടികൾ സ്കൂളിലുണ്ട്. ഒരു കായികാധ്യാപകതസ്തിക മാത്രമെ നിലവിലുള്ളൂ. അതിനാൽ താത്കാലിക കോച്ചുമാരുടെ സേവനം ലഭ്യമാക്കാൻ പട്ടികവർഗ വികസന വകുപ്പിനോട് അഭ്യർത്ഥിക്കും. ജൂൺ മാസം തന്നെ ടീമുകൾ രൂപീകരിച്ച് പരിശീലനം ആരംഭിക്കണം. അനുഭവസമ്പത്തുമുള്ള ഉപയോഗപ്പെടുത്തണം. സ്പോർട്സിലും ഗെയിംസിലും ജീവനക്കാരുടെ സേവനം അഭിരുചിയും പരമാവധി കുട്ടികൾക്ക്

പരിശീലനത്തിനാവശ്യമായ കളിയുപകരണങ്ങളും സാമഗ്രികളും പരമാവധി നേരത്തെ ലഭ്യമാക്കണം. പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള വിവിധ പ്രായക്കാരായ കുട്ടികൾ സ്പോർട്ട്സ് ഗെയിംസ് പരിശീലനം നേടുന്നുണ്ട്. ഇവർക്കെല്ലാവർക്കും ഒരു മിച്ച് മൈതാനത്ത് പരിശീലിക്കുക പ്രായോഗികമല്ല, കൂടാതെ, മറ്റുകുട്ടികൾക്ക് വിവിധ കളികളിലേർപ്പെടേണ്ടതും അത്യാവശ്യമാണ്,സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്. വിവിധ ഗെയിംസ് അസോസിയേഷനുകൾ പട്ടികവർഗ വികസന വകുപ്പ് എന്നിവയുടെ വിവിധ മത്സരങ്ങൾക്ക് ധാരാളം കുട്ടികളെ നിരന്തരം പങ്കെടുപ്പിക്കേണ്ട ആവശ്യം വരാറുണ്ട് അതിനാൽ സ്പോർട്സ് ഗെയിംസ് ആവശ്യത്തിനായി സ്കൂൾ തല ഏകോപന സമിതി രൂപീകരിക്കും ഈ ഏകോപന സമിതിയിൽ സീനിയർ സൂപ്രണ്ട്, പ്രിൻസി പ്പൽ, ഹെഡ്മാസ്റ്റർ, കായികാധ്യാപകൻ, മാനേജർ, HS,HSS വിഭാഗങ്ങളിൽ നിന്നും ഓരോ അധ്യാപകർ എന്നിവർ അംഗങ്ങളായിരിക്കും കോച്ചുമാരെ പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്തും കായികാധ്യാപകൻ സമിതിയുടെ കൺവീനറും സീനിയർ സൂപ്രണ്ട് ചെയർപേഴ്സണും ആയിരിക്കും, സ്പോർട്സും ഗെയിംസും സംബന്ധിച്ച എല്ലാ പ്രവർത്തനവും സമിതിയുടെ തീരുമാനങ്ങൾക്കനുസരിച്ചായിരിക്കും. സമിതി നിർബന്ധമായും മാസത്തിലൊരിക്കൽ യോഗം ചേരണം (പ്രവർത്തനകാലം: ജൂൺ മുതൽ ഫെബ്രുവരി വരെ )

## 10. വായനക്കൂട്ടം

ജൂൺ 19 മുതൽ വായന വാരാചരണത്തോടനുബന്ധിച്ച് എല്ലാ കുട്ടികളും ലൈബ്രറി പുസ്തകങ്ങൾ വാങ്ങി വായിക്കുന്നു എന്ന് ഉറപ്പാക്കണം. ഇതിനായി ക്ലാസ് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കും കൂടാതെ എല്ലാ ക്ലാസുകളിലും വായന മൂലകൾ ഒരുക്കും. കുട്ടികൾക്ക് ഇഷ്ടപെട്ട ബാലമാസികകൾ, കാർട്ടൂൺ പുസ്തകങ്ങൾ തുടങ്ങിയവ വായന മൂലകളിൽ സജ്ജീകരിക്കും. കുട്ടികൾക്ക് ക്ലാസ് ലൈബ്രേറിയന്റെ ചുമതല നൽകും. പത്രസ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പോൺഷർഷിപ്പ് മുഖേന എല്ലാ ക്ലാസുകളിലും പത്രം എത്തിക്കും വായന പക്ഷാചരണത്തിന് വിശദമായ പദ്ധതി തയ്യാറാക്കും എല്ലാ ക്ലാസിലെ കുട്ടികളും ശാസ്ത്രം, ഗണിതം, സാഹിത്യം, കായികം എന്നിവയുമായി ബന്ധപെട്ട വ്യത്യസ്ത പതിപ്പുകൾ വിവിധ ടേമുകളിലായി തയ്യാറാക്കും. വിദ്യാലയത്തിൻ്റെ 27–ാം വാര്ഷികത്തോടനുബന്ധിച്ച് 27 പതിപ്പുകൾ, കുട്ടികൾ പ്രകാശനം ചെയ്യും. (ചുമതല NSS Unit)

## 11. ക്ലാസ് സഭകൾ

കുട്ടികളിൽ ജനാധിപത്യബോധം വളർത്തുക.. പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിൽ അവരെ പങ്കാളികളാക്കുക. അവരുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുക, നേതൃത്വഗുണവും പൗരബോധവും വളർത്തുക. തുടങ്ങിയ ലക്ഷ്യങ്ങളോടെ എല്ലാക്ലാസിലും ക്ലാസ് സഭകൾ സംഘടിപ്പിക്കും. ക്ലാസ് ലീഡർ മുഖ്യമന്ത്രിയും വിദ്യഭ്യാസം, അച്ചടക്കം, ആരോഗ്യവും ശുചിത്വവും, കലാകായികം എന്നിവയക്ക് കുട്ടികൾ തെരഞ്ഞെടുത്ത മന്ത്രിമാരും ചേർന്ന മന്ത്രിസഭ രൂപീകരിക്കും.കുട്ടികളുടെ സ്പീക്കർ സഭനിയന്ത്രിക്കും. ക്ലാസിലെ എല്ലാകുട്ടികളും സഭാംഗങ്ങളായിരിക്കും സഭയുടെ മിനുട്ട്സ് കുട്ടികളുടെ സഹായത്തോടെ തയ്യാറാക്കി ക്ലാസ് അധ്യാപകർ

സൂക്ഷിക്കണം. സഭവിളിച്ചുചേർക്കേണ്ട ഉത്തരവാദിത്തം ക്ലാസ് അധ്യാപകനായിരിക്കും, രണ്ടു മാസം കൂടുമ്പോൾ മന്ത്രിമാരെ മാറ്റണം, കുട്ടികൾ ഉന്നയിക്കുന്ന ന്യായമായ പരാതികൾ സീനിയർ സൂപ്രണ്ട് പ്രിൻസിപ്പൽ എന്നിവരുടെ ശ്രദ്ധയിൽ ക്ലാസ് അധ്യാപകൻ കൊണ്ടു വരണം. (ചുമതല ക്ലാസ് അധ്യാപകർ, പ്രവർത്തനം: ജൂൺ മുതൽ ഫിബ്രുവരി വരെ)

## 12. കരകൗശലം

പ്രവൃത്തി പരിചയം, കരകൗശലം തുടങ്ങിയവയിൽ പ്രതിഭകളായ ധാരാളം കുട്ടികൾ സ്കൂളിലുണ്ട്. ഇവരെ കണ്ടെത്തി പരിശീലനം നൽകുന്ന പദ്ധതിയാണ് കരകൗശലം. പ്രവൃത്തി പരിചയത്തിന് സ്കൂളിൽ അധ്യാപകരില്ലാത്തതിനാൽ താത്കാലിക അധ്യാപകരെ നിയമിക്കാൻ സീനിയർ സൂപ്രണ്ടിനോട് അഭ്യർത്ഥിക്കും. സംസ്ഥാന സ്കൂൾ പ്രവൃത്തിപരിചയ മേളയുടെ എല്ലാ ഇനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പരിശീലനം നൽകും തുടർന്ന് സ്കൂൾ തല പ്രവൃത്തിപരിചയമേള നടത്തും. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നൈപുണ്യം വികസിപ്പിക്കുക എന്നതും ഇതിൻ്റെ ലക്ഷ്യമാണ്. (പ്രവർത്തനം ജൂൺ മാസം മുതൽ സംസ്ഥാനമേള വരെ)

## 13. ഗോത്രോത്സവം

കുട്ടികളുടെയും രക്ഷിതാക്കളുടെയും തനത് പാരമ്പര്യ കലാരൂപങ്ങൾ പരിശീലിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ഗോത്രോത്സവം എന്ന പേരിൽ വേദിയൊരുക്കും ഇതിന് കേരള ഫോക്ലോർ അക്കാദമിയുടെ സഹായം ലഭ്യമാക്കാൻ ശ്രമിക്കും കൂടാതെ പട്ടിക വർഗ വികസന വകുപ്പിൻ്റെ സർഗോത്സവത്തിൽ മികച്ച കലാരൂപം അവതരിപ്പിക്കാൻ മുന്നൊരുക്കങ്ങൾ നടത്തും. (ചുമതല: സൗഹൃദ ക്ലബ്)

## 14. സർഗം

കുട്ടികളുടെ കലാപരമായ അഭിരുചികൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കാനുള്ള പദ്ധതിയാണ് സർഗം. നാടകക്കളരി, പാട്ടരങ്ങ്, സംഗീതോപകരണങ്ങൾ വായിക്കാനുള്ള പരിശീലനം തുടങ്ങിയവ ഇതിൻ്റെ ഭാഗമായിരിക്കും, സ്ക്കൂൾ കലോത്സവം സർഗ്ഗോത്സവം എന്നിവക്കുള്ള പരിശീലനം സർഗം പ്രവർത്തനങ്ങളിൽ ഉൾപ്പെടും ജൂൺ മാസം തന്നെ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യും.

## 15. വർണ്ണോത്സവം

മികച്ച ചിത്രകാരൻമാരേയും ചിത്രകലാ അധ്യാപകരേയും ഉൾപ്പെടുത്തി ചിത്ര കലയിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിക്കുന്ന ശില്പശാല കളും ചിത്രകലാ പഠനക്കളരികളും ചേർന്നതാണ് വർണോത്സവം (ചുമതലക മലയാളം അധ്യാപകർ)

## 16. ഗണിതോത്സവം

ഗണിത ഉൾപ്പെടുത്തി ബോധവും ചിത്രകലാ അഭിരുചിയുമുള്ള വിദ്യാർത്ഥികളെ ജനാമടിക്കൽ പാറ്റേൺ നിർമ്മാണ ശില്പശാല നടത്തും. (July/August ചുമതല: ഗണിത അധ്യാപകർ )

## 17. ഒരുക്കം

2025-26 ഹയർ സെക്കന്ററി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച ഗ്രേഡുകൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ് ഒരുക്കം. ക്ലാസ് പരീക്ഷകളുടെ അടിസ്ഥാനത്തിൽ പഠന മികവ് വിലയിരുത്തി കുട്ടികളെ Excellent, Average, slow learners എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കും ഓരോ വിഭാഗത്തിനും അനുയോജ്യമായ പ്രത്യേക ക്ലാസുകൾ പതിവു ക്ലാസുകൾക്ക് പുറമെ സംഘടിപ്പിക്കും. ഡിസംബർ അവസാനത്തോടെ പാഠഭാഗങ്ങൾ പൂർത്തിയാക്കി ജനുവരി ആദ്യആഴ്ച മുതൽ സ്റ്റഡി ക്യാമ്പുകൾ ആരംഭിക്കും. (ചുമതല: സീനിയർ അസിസ്റ്റന്റ്, മുഴുവൻ ക്ലാസ് അധ്യാപകരും.)

## 18. സിൽവർ സ്ക്രീൻ

കുട്ടികൾക്ക് മാനസികോല്ലാസത്തോടൊപ്പം മികച്ച ചലച്ചിത്രങ്ങളും ഡോക്യുമെന്ററികളും കാണാൻ അവസരമൊരുക്കുന്നതിനായി ഫിലിം ക്ലബ് രൂപീകരിക്കും വിശേഷാവസരങ്ങളിലും അവധിദിനങ്ങളിലും സ്കൂൾ ഓഡിറ്റോറിയത്തിൽ ചലച്ചിത്രപ്രദർശനവും സിനിമാ ചർച്ചകളും നടത്തും. (ചുമതല MCRT, ലൈബ്രേറിയൻ സാങ്കേതിക സഹായം: SITC)

## 19. ശാസ്ത്ര കൗതുകം

ശാസ്ത്ര പഠന താല്പര്യം വർധിപ്പിക്കുന്നതിനായി സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്ര കൗതുകം പരിപാടി നടത്തും, പരീക്ഷണ നിരീക്ഷണങ്ങൾ പ്രൊജക്ടുകൾ സ്ലൈഡ് ഷോകൾ പ്രകൃതി നിരീക്ഷണം. ശാസ്ത്രകാരൻമാരുടെ ജീവചരിത്രം പരിചയപ്പെടുത്തൽ, ശാസ്ത്ര സെമിനാർ തുടങ്ങിയവ ഇതിൻ്റെ ഭാഗമായി നടക്കും. (ചുമതല: ശാസ്ത്ര അധ്യാപകർ),

## 20. പൊതു പ്രവേശന പരീക്ഷ പരിശീലനം.

പന്ത്രണ്ടാം ക്ലാസിൽ നിന്നും തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് പൊതു പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നു. രാത്രി 7 മുതൽ 8:30 വരെ ഉള്ള സമയത്താണ് ക്ലാസുകൾ നൽകുക. വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന

അധ്യാപകർ പുറത്തുനിന്നുള്ള വിദഗ്ധർ എന്നിവരുടെ സഹായം തേടും. ജൂലൈ മുതൽ ഡിസംബർ 31 വരെ ആണ് ക്ലാസുകൾ ആസൂത്രണം ചെയ്യുന്നത്.

### 21. പ്രതിഭകൾക്കൊപ്പം

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളുടെ ജീവിതാനുഭവങ്ങൾ പങ്കുവെക്കുന്നതിനും അവരോട് സംവദിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. സിവിൽ സർവ്വീസ് ശാസ്ത്രം കൃഷി, നിയമം, സാമൂഹ്യപ്രവർത്തനം. സ്പോർട്സ്, ഗെയിംസ്. സിനിമ തുടങ്ങിയ മേഖല കളിലെ പ്രമുഖർ ഇതിൻ്റെ ഭാഗമായി സ്കൂളിലെത്തും (ചുമതല: പ്രിൻസിപ്പൽ)

### 22.സഞ്ചാരം

റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് മറ്റു വിദ്യാർത്ഥികളെക്കാൾ സാമൂഹ്യബന്ധങ്ങൾക്കും ഇടപെടലുകൾക്കുമുള്ള അവസരം താരതമ്യേന കുറവാണ്. ഇത് നികത്തുന്നതിനായി വിവിധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പൊലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, പാരിസ്ഥിതികവും ചരിത്രപരവുമായ പ്രാധാന്യമുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ സന്ദർശിക്കാൻ അവസരമൊരുക്കും. (ചുമതല: ശാസ്ത്ര, സാമൂഹ്യശാസ്ത്ര അധ്യാപകർ, ഏകോപനം സീനിയർ സൂപ്രണ്ട്)

### 23. ക്യാമ്പസ്സ് ഒരു പാഠപുസ്തകം

സ്കൂൾ കെട്ടിടവും പരിസരങ്ങളും ആകർഷകവും കുട്ടികളിൽ ജിജ്ഞാസയും പഠന താല്പര്യവും കൗതുകവും ഉണർത്താൻ പര്യാപ്തവും ആയ വിധത്തിൽ സജ്ജീകരിക്കേണ്ടതുണ്ട്. ക്യാമ്പസ് ഒരു പാഠപുസ്തകം പദ്ധതിയിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്ന പ്രവർത്തനങ്ങളിൽ ചിലതുമാത്രം ചുവടെ കൊടുക്കുന്നു.

1. മരത്തണലിൽ രണ്ടോ മൂന്നോ പേർക്ക് ഒന്നിച്ചിരുന്ന് ആടി രസിക്കാവുന്ന ഊഞ്ഞാലുകൾ

2. സീസോ

3. ക്ലാസ് മുറികളിൽ കലണ്ടറും ക്ലോക്കും (സമയം നോക്കാൻ പഠിക്കാൻ കലണ്ടർ ബോധം സൃഷ്ടിക്കാൻ )

4. കേരളം, ഇന്ത്യ, ലോകം എന്നിവയുടെ ഭൂപടങ്ങൾ വരയ്ക്കൽ /സ്ഥാപിക്കൽ (ഭൂപട വായന പരിശീലിക്കാൻ)

5. ക്യാമ്പസ്സിലെ ചെടികളും മരങ്ങളും സംരക്ഷിച്ച് അവയുടെ പേര്. പ്രാദേശിക നാമം, ശാസ്ത്രീയ നാമം തുടങ്ങിയവ രേഖപ്പെടുത്തൽ

6. സ്കൂൾ റേഡിയോ നിലയം റിപ്പയർ ചെയ്ത് പ്രവർത്തന സജ്ജമാക്കുക

7. വരാന്തയിൽ വലിയ ക്ലോക്ക് സ്ഥാപിച്ച് സമയത്തിൻ്റെ പ്രാധാന്യം ഓർമ്മിപ്പിക്കൽ

8. ഇന്ത്യ ആദരിക്കുന്ന സ്വാതന്ത്ര്യസമരനേതാക്കൾ, മാനവ പുരോഗതിയെ സ്വാധീനിച്ച ശാസ്ത്രകാരൻമാർ കേരളത്തിലെ പ്രധാന നവോത്ഥാന നായകർ എന്നിവരുടെ ഫോട്ടോയും ലഘു ജീവചരിത്രക്കുറിപ്പുമുള്ള ഫോട്ടോ ഗാലറി ഓഡിറ്റോറിയത്തിൽ സജ്ജീകരിക്കൽ

9. കുട്ടികളെ പ്രചോദിപ്പിക്കുന്നതിനായി ലോക പ്രശസ്ത സ്പോർട്സ് താരങ്ങളുടെ കട്ടൗട്ടുകൾ ക്യാമ്പസിൽ സ്ഥാപിക്കൽ

10. യൂണിഫോമിൻ്റെ വൃത്തിയും വെടിപ്പും ഓരോ കുട്ടിക്കും സ്വയം ബോധ്യപ്പെടാനും കൂടാതെ എസ്.പി.സി കേഡറ്റുകൾ, സ്പോർട്ട്സ് & ഗെയിംസ് പരിശീലനം നേടുന്നവർ എന്നിവരുടെ ഉപയോഗത്തിനുമായി ശരീരം മുഴുവനായി കാണുന്ന കണ്ണാടി ചുവരിൽ സ്ഥാപിക്കൽ

11. മുറ്റത്തെ മരതണലിൽ ഗ്രീൻ ക്ലാസ് റൂം സജ്ജീകരിക്കൽ

12. പൂന്തോട്ടം, ഫലവൃക്ഷത്തോട്ടം എന്നിവ വെച്ചു പിടിപ്പിച്ച് പരിപാലിക്കൽ (ചുമതല :ഗാർഡനറോടൊപ്പം എൻ.സ്.സ് കേഡറ്റുകളും)

13. മൈതാനത്തിന്റെയും മുറ്റത്തിന്റെയും അരികിൽ തണൽമരങ്ങൾ വെച്ചു പിടിപ്പി ക്കുക (ചുമതല കായിക താരങ്ങൾ)

14. കുട്ടികളുടെ കടമകളും അവകാശങ്ങളും എഴുതി പ്രദർശിപ്പിക്കൽ,

15. എൻ.സ്.സിന്റെ ആഭിമുഖ്യത്തിൽ ക്യാമ്പസ്സിലെ പച്ചക്കറിക്കൃഷി.

16.സ്കൂൾ ചുമരുകൾ ഉചിതമായ ചിത്രം വരച്ച് മനോഹരമാക്കുക

## 24. ആരോഗ്യവും പോഷണവും

പോഷകാഹാരം എന്ത്, ഭക്ഷണത്തിൽ പച്ചക്കറികൾ, പഴങ്ങൾ പയറുവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നതെന്തിന് ഭക്ഷണം പാഴാക്കുന്നത് മനുഷ്യരാശിയോടുള്ള കുറ്റകൃത്യമാവുന്നതെങ്ങനെ, ജലം സംരക്ഷിക്കേണ്ടതിൻ്റെ പ്രാധാന്യമെന്ത്, തുടങ്ങിയ കാര്യങ്ങളിൽ ബോധവത്കരണം അനിവാര്യമാണ്. കൂടാതെ ജീവിത നൈപുണികൾ, കൗമാര വിദ്യഭ്യാസം നിയമ അവബോധം, എന്നിവയും കുട്ടികൾക്കു നൽകണം ആരോഗ്യ വകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ്, ലീഗൽ സർവ്വീസ് സൊസൈറ്റി എന്നിവ യുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ, സംഘടിപ്പിക്കണം. (ചുമതല. സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്)

## 25. ആഹ്ലാദം

പഠന പ്രവർത്തനങ്ങളോടും വിദ്യാലയത്തോടും കുട്ടികൾക്ക് അനുകൂല മനോഭാവം ഉണ്ടെങ്കിൽ മാത്രമെ വിദ്യാലയം അതിന്റെ കൈവരിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ കുട്ടികളിൽ സന്തോഷം ഉണ്ടാക്കുന്നതിന് ആരോഗ്യകരവും വിദ്യാലയത്തിന് യോജിച്ചതുമായ പരിപാടികൾ അത്യാവശ്യമാണ്. ഈ ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആഹ്ലാദം പദ്ധതിയിൽ ഉൾപ്പെടുന്നത് .അവയിൽ ചിലത് ചുവടെ കൊടുക്കുന്നു.

1. മഴനൃത്തം മഴയത്ത് കളിക്കാൻ അനുവദിക്കൽ (അധ്യാപകരുടെ നിയന്ത്രണത്തിൽ മാത്രം.)

2. മാസത്തിലൊരിക്കലെങ്കിലും പാട്ടുകേട്ട് ഒത്തൊരുമിച്ച് നൃത്തം ചെയ്യാൻ സൗകര്യമൊരുക്കൽ

3. മജീഷ്യൻമാർ, മിമിക്രി കലാകരൻമാർ തുടങ്ങിയവരുടെ കലാപ്രകടനങ്ങൾക്ക് അവസരമൊരുക്കൽ

4, ക്ലാസുകൾ തമ്മിൽ ഇടക്കിടെ ഫുട്ബോൾ മത്സരം വടംവലി മത്സരം തുടങ്ങിയവ സംഘടിക്കൽ

5. ഓണം ക്രിസ്തുമസ്, ദേശീയ ദിനങ്ങൾ വിജയാഹ്ലാദവേളകൾ ഒത്തൊരുമിച്ച് ആഘോഷിക്കൽ തുടങ്ങിയവ

## ഉപസംഹാരം

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എല്ലാ മാസവും പ്രത്യേക യോഗം ചേർന്ന് അതത് മാസത്തെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും തൊട്ടടുത്ത മാസത്തേക്കുള്ള മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും കൂടാതെ സീനിയർ സൂപ്രണ്ട് പ്രിൻസിപ്പൽ.ഹെഡ്മാസ്റ്റർ എന്നിവരടങ്ങിയ സമിതി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി സാഹചര്യങ്ങൾക്കനുസരിച്ച് ഭേദഗതികൾ നിർദ്ദേശിക്കുകയും തത്സമയ പിന്തുണ ഉറപ്പാക്കുകയും ചെയ്യും .